കേരള സർക്കാർ
സാംസ്കാരികവകുപ്പ്

ദേശീയപുസ്തകോത്സവം 2018

എഴുത്തരങ്ങ് സാംസ്കാരികോത്സവം

# അക്ഷരപ്പെരുമ

വാർത്താപത്രിക 2

കേരള
സാഹിത്യ അക്കാദമി






ഫെബ്രുവരി 5
4:30 സെമിനാർ
ഉദ്ഘാടനം: **ബെന്യാമിൻ**

ഫെബ്രുവരി 6
4 മണി സെമിനാർ
ഉദ്ഘാടനം: **സച്ചിദാനന്ദൻ**





ഫെബ്രുവരി 7
4:30 സെമിനാർ
ഉദ്ഘാടനം: **ഡോ.ബി.ഇക്ബാൽ**

ഫെബ്രുവരി 8
5 മണി കവിയരങ്ങ്
ഉദ്ഘാടനം: **റഫീക്ക് അഹമ്മദ്**





എ.കെ.ബാലൻ
സാംസ്കാരികവകുപ്പുമന്ത്രി

കേരളവികസനമാതൃകയുടെ അടിസ്ഥാനം വായനയിലൂടെ വ്യാപകമായി പ്രചരിച്ച നവീനാശയങ്ങളും തീക്ഷ്ണമായ സംവാദങ്ങളും അവയുടെ സഫലമായ പ്രയോഗങ്ങളുമാണ്. ശാസ്ത്രബോധത്തിന്റെയും യുക്തിചിന്തയുടെയും വിത്തുകൾ മനുഷ്യമനസ്സുകളിൽ മുളപ്പിച്ചത് പുസ്തകങ്ങളാണ്. പരിവർത്തനത്തിനുവേണ്ടിയുള്ള സാധാരണജനങ്ങളുടെ ഇച്ഛാശക്തിയെ സമഗ്രമായി പ്രതിഫലിപ്പിച്ചത് കലകളും സാഹിത്യവുമാണ്. സാമൂഹ്യമാറ്റത്തിൽ അവക്ക് വഹിക്കാനുള്ള പങ്ക് ആഴത്തിൽ തിരിച്ചറിഞ്ഞവരാണ് നവോത്ഥാനശില്പികൾ.

സ്ത്രീവിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, ഗ്രന്ഥശാലകൾ സ്ഥാപിക്കൽ, ആനുകാലികപ്രസിദ്ധീകരണം, പുസ്തകപ്രസാധനം എന്നിവയിലെല്ലാം ശ്രദ്ധയൂന്നിക്കൊണ്ടാണ് നവോത്ഥാന-പുരോഗമന പ്രസ്ഥാനങ്ങൾ മുന്നേറിയത്. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ ഒരു ജനത നടത്തിയ ഐതിഹാസിക മുന്നേറ്റങ്ങൾക്ക് പുസ്തകം അരങ്ങൊരുക്കി.

സോഷ്യൽ മീഡിയയുടെ പ്രഭാവം കത്തിനിൽക്കുന്ന കാലത്തും വായനക്കാർ പുസ്തകങ്ങളെ കൈവിട്ടിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. വായനയിലൂടെ ലഭിക്കുന്ന അനുഭവവും അനുഭൂതിയും മറ്റൊരു മാധ്യമത്താലും പകരംവെക്കാനാവില്ല. വിശ്വസംസ്കാരം സൃഷ്ടിച്ച ഉദാത്തമായ സർഗാവിഷ്കാരങ്ങളും സാഹിത്യപൈതൃകത്തിന്റെ മഹത്തായ ഈടുവെപ്പുകളും പുതിയ തലമുറക്ക് സ്വന്തമാക്കാൻ അവസരങ്ങൾ ഒരുക്കണം. അതിനുവേണ്ടിയുള്ള ഇടവും സമയവും വേണ്ടുവോളം ഒരുക്കാൻ പുസ്തകോത്സവത്തിന് കഴിയട്ടെ. ●



പി.ശ്രീരാമകൃഷ്ണൻ
നിയമസഭാസ്പീക്കർ

വായന ഒരു സാംസ്കാരികാനുഭവമാണ്. മണ്ണും മനുഷ്യനും ചേർന്ന് സൃഷ്ടിക്കുന്ന സംസ്കൃതിയുടെ വിവിധ തലങ്ങളിലേക്ക് തലമുറകളെ കൈപിടിച്ചുയർത്തുന്നതിൽ വായന വഹിക്കുന്ന പങ്ക് അദ്വിതീയമാണ്. വിജ്ഞാനത്തിന്റെ വിസ്മയലോകത്തേക്കുള്ള യാത്രയിൽ സുഹൃത്തും വഴികാട്ടിയുമായി കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവം മാറിയിരിക്കുന്നുവെന്നത് ഏറെ സന്തോഷകരമാണ്. ദേശീയപുസ്തകോത്സവത്തിന്റേയും എഴുത്തരങ്ങ് സാംസ്കാരികോത്സവത്തിന്റേയും ഭാഗമായി ഒരു സമ്പൂർണ അക്കാദമിക-സാംസ്കാരിക സംഗമം തൃശൂരിൽ സംഘടിപ്പിക്കുന്നത് തികച്ചും മാതൃകാപരമാണ്. 2018 ഫെബ്രുവരി ഒന്നുമുതൽ പത്തുവരെ നടത്തുന്ന ഈ അക്ഷരോത്സവത്തിന് സർവമംഗളങ്ങളും നേരുന്നു. ●



സി.രാധാകൃഷ്ണൻ
വിശിഷ്ടാംഗം
കേരള സാഹിത്യ അക്കാദമി

അക്കാദമിയുടെ അങ്കണം പത്തുനാളുകളിൽ പുസ്തകപ്പൂങ്കാവനമായി മാറുന്നു. അറിവിന്റെ നറുതേൻ തേടിവരുന്ന അനേകായിരങ്ങളുടെ കണ്ണും കരളും നിറയുന്നു.

പുസ്തകങ്ങൾ വിത്തുകളാണെന്ന് പറഞ്ഞുതന്നത് സ്കൂളിലെ മലയാളം അധ്യാപകനാണ്. ആദ്യമായി ലൈബ്രറിയിൽനിന്ന് പുസ്തകം തരുമ്പോൾ അദ്ദേഹം നിഷ്കർഷിച്ചു: 'മനസ്സ് കുതിർത്ത് പാകപ്പെടുത്തി നട്ടുവളർത്തണം.'

ജീവിതം ഇത്തിരിയെങ്കിലും സഫലമായത് കുറച്ച് പുസ്തകവിത്തുകൾ അകത്ത് നന്നായി പൂത്തുകായ്ച്ചുനിന്നതിനാലാണ്. മായപ്പൂക്കൾക്കോ കടലാസുപൂക്കൾക്കോ ജൈവപുസ്തകങ്ങളുടെ ഹൃദ്യതയില്ല, തീർച്ച. ഉറുമ്പുകളോ, തേനീച്ച പോയിട്ട് ഈച്ചകൾ പോലുമോ അവയിലേക്ക് വരാറില്ലല്ലോ.

പുസ്തകശാലകളാണ് മാനവസംസ്കൃതിയുടെ ഈടുവെപ്പുകളായ യഥാർത്ഥക്ഷേത്രങ്ങൾ. പുസ്തകോത്സവങ്ങൾ മഹോത്സവങ്ങളും. പൂരനഗരിയിൽ ഈ പുസ്തകപ്പൂരം പൊടിപാറട്ടെ. അനേകം പേരുടെ ആത്മാർത്ഥമായ പരിശ്രമമാണ് ഇത്തരമൊരു പൂരത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. ഈ മഹാപരിശ്രമികൾക്ക് പൂരം ആസ്വദിക്കാൻ കഴിയാറില്ല. പക്ഷേ, ഇവർ ആസ്വാദകരുടെ ആഹ്ലാദം ആസ്വദിക്കുന്നു. അർഹിക്കുന്ന അഭിനന്ദനവും നന്ദിയും ആദരവും ഇവർക്ക് നൽകിയില്ലെങ്കിൽ വലിയ കടം ബാക്കിയാവും. പുസ്തകവസന്തത്തിന് ആശംസകൾ. ●



മുരളി പെരുനെല്ലി എംഎൽഎ
ജില്ലാ പ്രസിഡന്റ്
ലൈബ്രറി കൗൺസിൽ

പുസ്തകങ്ങളുടേയും വായനയുടേയും സംസ്കാരത്തെ വ്യാപകമാക്കുന്നതിനുവേണ്ടി നടത്തുന്നതാണ് ദേശീയപുസ്തകോത്സവം. പുതിയ കാലത്തിന്റെ ഉത്തരവാദിത്തങ്ങളിലേക്ക് സമൂഹത്തെ നയിക്കാൻ പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് സഹായകമായ നിരവധി പരിപാടികളും ഈ പുസ്തകോത്സവത്തെ ശ്രദ്ധേയമാക്കുന്നതാണ്.

വായന ഒരു സംസ്കാരമാക്കി മാറ്റാനും വായനയുടെ ആഴങ്ങളിലേക്ക് സഹൃദയർക്ക് സഞ്ചരിക്കാനും പുതിയ ദിശകളിലേക്ക് വഴിനടത്താനും ഇത്തരത്തിലുള്ള പുസ്തകോത്സവങ്ങൾക്ക് കഴിയുന്നതാണ്. ഈ ബൃഹത്സംരംഭത്തിൽ പങ്കാളികളാവാൻ തൃശൂർ ജില്ലാ ലൈബ്രറി കൗൺസിലിന് കഴിയുന്നുവെന്നതിൽ അഭിമാനമുണ്ട്. പുസ്തകങ്ങളുടേതാണ് മലയാളിയുടെ സംസ്കാരം. വിദ്വേഷത്തിന്റേയും അസഹിഷ്ണുതയുടേയും അല്ല നമ്മുടെ സംസ്കാരമെന്ന് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ എല്ലാവരേയും പ്രാപ്തമാക്കാൻ ഈ സാംസ്കാരികോത്സവത്തിന് കഴിയട്ടെയെന്ന് പ്രത്യാശിക്കുന്നു. ●

# വായനാസംസ്കാരം വീണ്ടെടുക്കുക



സച്ചിദാനന്ദൻ
വിശിഷ്ടാംഗം
കേരള സാഹിത്യ അക്കാദമി

റേ ബ്രാഡ്ബറിയുടെ പ്രശസ്തമായ ഒരു പുസ്തകമുണ്ട്, ഫേരൻഹീറ്റ് 451. അതേ പേരിൽതന്നെ നിങ്ങളിൽ പലരും കണ്ടിരിക്കുമെന്ന് എനിക്കുറപ്പുള്ള ഫ്രാങ്സ്വാ ത്രൂഫോയുടെ ഒരു ഫ്രെഞ്ച് സിനിമയുമുണ്ട്. കടലാസ് കത്തുന്ന ഊഷ്മാവാണ് 451 ഡിഗ്രി ഫേരൻഹീറ്റ്.

കഥ നടക്കുന്നത് ഒരു സങ്കൽപരാഷ്ട്രത്തിലാണ്. അത് ചിന്തകളേയും പുസ്തകങ്ങളേയും ഭയപ്പെടുന്ന ഏത് സമഗ്രാധിപത്യരാഷ്ട്രവുമാകാം. അവിടത്തെ ഭരണകൂടത്തിന്റെ ആഗ്രഹപ്രകാരം-ആളുകൾക്ക് പുസ്തകങ്ങൾക്ക് വായിച്ച് പ്രായോഗികലോകത്തിൽ താൽപര്യം നഷ്ടമാകുന്നു എന്ന കാരണം പറഞ്ഞ്-ക്യാപ്റ്റൻ ബീറ്റി അഗ്നിശമനസേനക്കാരനായ ഗീ മൊണ്ടാഗിനോട് നാട്ടിലെ പുസ്തകശേഖരങ്ങൾ കണ്ടെത്തി ചുട്ടെരിക്കാൻ ആവശ്യപ്പെടുന്നു. അഗ്നിശമനസേനയുടെ യൂണിഫോണിൽ ‘451 എഫ്’ എന്ന് അടയാളപ്പെടുത്താനും ഗീ മൊണ്ടാഗിന്റെ പത്നി മീൽഡ്റെഡ് വായനയിൽ താൽപര്യമുള്ളവളല്ല. അവരുടെ അതിഥിമുറിയിലെ മൂന്ന് ചുവരിലും ടെലിവിഷൻ സെറ്റുകളാണ്. ബാക്കി സമയം അവർ റേഡിയോ കേൾക്കുന്നു.

എന്നാൽ, അധ്യാപികയും മൊണ്ടാഗിന്റെ സുഹൃത്തുമായ ക്ലാരിസ് വായനയുടെ മൂല്യത്തെക്കുറിച്ച് മൊണ്ടാഗിനെ ബോധവാനാക്കുന്നു. അയാൾ മുകളിൽനിന്നുള്ള കൽപന ധിക്കരിച്ച് പുസ്തകങ്ങൾ സംരക്ഷിക്കാൻ തീരുമാനിക്കുന്നു. ഓരോ സ്ഥലത്തും പോയി പുസ്തകങ്ങൾ തീയിൽനിന്ന് സമീക്ഷിച്ച് വീണ്ടെടുത്ത് സ്വന്തം ഭവനത്തിൽ രഹസ്യമായി സൂക്ഷിക്കുന്നു. അതറിയുന്ന ക്യാപ്റ്റൻ ബീറ്റി ആ വീട് തന്നെ ബോംബിടാൻ സേനയ്ക്ക് കൽപന നൽകുന്നു. മൊണ്ടാഗ് ബീറ്റിയെ കൊലചെയ്ത് നഗരത്തിന് വെളിയിലേക്ക് രക്ഷപ്പെടുന്നു. അവിടെ അയാൾ പുസ്തകസ്നേഹികളുടെ ഒരു രഹസ്യസംഘടന ഉണ്ടാക്കുന്നു. ഓരോ അംഗത്തെയും ഒരു പുസ്തകം കാണാതെ പഠിക്കാൻ പ്രേരിപ്പിക്കുന്നു. പിന്നീട്, അവർ അറിയപ്പെടുന്നത് അവർ മനഃപാഠമാക്കിയ പുസ്തകങ്ങളുടെ പേരിലാണ്. ഒഡീസി, ഡിവൈൻ കോമഡി, ഹാംലെറ്റ്, കിങ് ലിയർ, ഗ്രെയ്റ്റ് എക്സ്പെക്റ്റേഷൻസ്, പ്രൈഡ് & പ്രെജുഡിസ് എന്നിങ്ങനെയെല്ലാം. അവർ തങ്ങളുടെ അനന്തര തലമുറകളിലേക്കും ആ അറിവുകൾ കൈമാറി ആ പുസ്തകങ്ങളേയും അങ്ങനെ പുസ്തകസംസ്കാരത്തേയും ഭാവിക്കുവേണ്ടി സംരക്ഷിക്കുന്നു.

ഇത് പുസ്തകം തീയിടുന്ന സംസ്കാരത്തിന്റെ ഒരു വിമർശനമായി വായിക്കാം. ക്രിസ്ത്വബ്ദം മൂന്നാംനൂറ്റാണ്ടിലെ ചൈനയിലെ ക്വിൻ രാജവംശം നടത്തിയ പുസ്തകനശീകരണം മുതൽ ഒരു ദീർഘചരിത്രം ഈ ഗ്രന്ഥവിരോധത്തിനുണ്ട്. അലക്സാൻഡ്രിയ ലൈബ്രറിയുടേയും (ബിസിഇ 411) യെരൂശലേം യഹൂദ ലൈബ്രറിയുടേയും (ബിസിഇ 108) ബഖ്തിയാർ ഖിൽജിയുടെ കാലത്തെ നളന്ദ ലൈബ്രറിയുടേയും തീയിടൽ മുതൽ

നാസികളുടെ കുപ്രസിദ്ധമായ ബുക്ക് ബേണിങ് വരെ വരുന്നു ആ ചരിത്രം.

ഇന്ത്യയിലും ബുദ്ധ-ജൈന-ചാർവാക ഗ്രന്ഥങ്ങൾ ഉൾപ്പെടെ പലതും നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് വീണ്ടും ഇന്ത്യയിൽ ഈ സംസ്കാരം പടർന്നുപിടിക്കുന്നത് നാം കാണുന്നു. സൽമാൻ റഷ്ദി, വെൻഡി ഡോനിഗർ, മേഘാകുമാർ, പെരുമാൾ മുരുകൻ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾക്കും അനേകം സിനിമകൾക്കും നാടകങ്ങൾക്കും എതിരായ ചില മതസംഘടനകളുടെ നീക്കങ്ങൾ നമുക്കറിയാം. 'ഇന്ന് പുസ്തകങ്ങൾ തീയിടുന്നവർ നാളെ മനുഷ്യരെ തീയിടാൻ മടിക്കുകയില്ല' എന്ന ജെർമൻ കവി ഹെയ്നെയുടെ വാക്കുകളെ അന്വർത്ഥമാക്കിക്കൊണ്ട് അവർ എം.എം.കൽബുർഗി, ഗോവിന്ദ് പൻസാരെ, നരേന്ദ്ര ധാബോൽകർ, ഗൗരി ലങ്കേഷ് തുടങ്ങിയവരെ കൊലപ്പെടുത്തി നിശ്ശബ്ദരാക്കുന്നതും നാം കണ്ടു.

ലോകത്തെ ഏറ്റവും നല്ല പുസ്തകങ്ങൾ ഏതെന്നറിയാൻ വത്തിക്കാനും ഹിറ്റ്ലറും നിരോധിച്ച പുസ്തകങ്ങളുടെ പട്ടിക നോക്കിയാൽ മതിയെന്ന് പറയാറുണ്ട്. ജെർമൻ കവി ബെർതോൾഡ് ബ്രെഹ്റ്റിന്റെ ഒരു കവിതയുണ്ട്, നാസി പുസ്തകദഹനത്തിന്റെ കാലത്ത് 'തന്റെ പുസ്തകം എന്തുകൊണ്ട് അവർ തീയിടുന്നില്ല, താനും സത്യം പറഞ്ഞിട്ടില്ലേ' എന്ന് കോപത്തോടെ വിലപിക്കുന്ന ഒരു കവിയെക്കുറിച്ച്. അങ്ങനെ ഒരു കാലം ഇന്ത്യയിൽ വരാതിരിക്കാൻ നാം ജാഗരൂകരായേ പറ്റൂ. പുസ്തകങ്ങൾ മനുഷ്യഭാഗധേയത്തിന്റെ ഏറ്റവും നല്ല വ്യാഖ്യാതാക്കളാണ്. ജീവിക്കണമെങ്കിൽ വായിക്കൂ എന്ന് ഫ്ളോബെർ. വായിക്കുന്നവർക്ക് പ്രതിഫലം ലഭിക്കാൻ അന്തിമദിവസംവരെ കാത്തിരിക്കേണ്ടതില്ല എന്ന് വിർജീനിയ വുൾഫ്.

കേരളസംസ്കാരവും വായനയുടെകൂടി സംസ്കാരമാണ്. അതാണ് നമ്മെ നാമാക്കിയത്. എഴുത്തും പരിഭാഷയും വിപുലമായ വായനയുമാണ് മലയാളിയെ ഇന്ത്യയിലെ മറ്റു പല പ്രദേശങ്ങളിലേയും ജനതയുടെ മുന്നിൽ എത്തിച്ചത്. നമ്മുടെ നവോത്ഥാനത്തിന്റേയും ജീവൽസാഹിത്യപ്രസ്ഥാനത്തിന്റേയും സമത്വചിന്തയുടേയും വിമോചനമുന്നേറ്റങ്ങളുടേയും ചാലകശക്തിയും എഴുത്തും ആനുകാലികങ്ങളും പ്രഭാഷണങ്ങളും പുസ്തകവായനയുമായിരുന്നു.

ശ്രീനാരായണഗുരുവും അംബേദ്കറും ഗാന്ധിയും മാർക്സും നമ്മുടെ ചിന്തയിലേക്ക് കടന്നുവന്നതും അവരുടെ പ്രവൃത്തികളിലും പ്രഭാഷണങ്ങളിലും എന്നപോലെ അവരുടെ കൃതികളിൽ കൂടിയുമാണ്. ജീവിതത്തിന് വേഗം വർദ്ധിക്കുകയും കരിയറിസം രോഗംപോലെ നമ്മെ ദുർബലരാക്കുകയും വിജ്ഞാനത്തിന്റേയും വിവേകത്തിന്റേയും സ്ഥാനം വെറും വിവരങ്ങൾ ഏറ്റെടുക്കുകയും മാതൃഭാഷ രണ്ടാംഭാഷയാവുകയും സംസ്കാരം വ്യവസായമായി മാറുകയും ജനവിരുദ്ധവും ഹിംസാത്മകവുമായ ടെലിവിഷൻ പരമ്പരകൾ നമ്മുടെ ഒഴിവുസമയത്തെ ആക്രമിക്കുകയും ഒരുകാലത്ത് നമ്മുടെ സാംസ്കാരികപ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിരുന്ന വായനശാലകളുടെ പ്രവർത്തനം മന്ദീഭവിക്കുകയും ഗുരുവിന്റെ ആത്മീയഹ്യൂമനിസത്തിന്റേയും ഗാന്ധിയുടെ സർവധർമ സഹഭാവത്തിന്റേയും മാർക്സിന്റേയും അംബേദ്കറുടേയും വിമോചനചിന്തകളുടേയും സ്ഥാനത്ത് അന്ധവും അക്രമാസക്തവുമായ വർഗീയത കടന്നുവരികയും ചെയ്യുന്ന ഇക്കാലത്ത്, മറ്റെന്നത്തേക്കാളും ശരിയായ ദിശാബോധത്തോടെയുള്ള എഴുത്തിനും വായനക്കും വലിയ പ്രാധാന്യമുണ്ട്. ദേശീയപുസ്തകോത്സവം അത്തരമൊരു പാരായണജാഗ്രതക്ക് നിമിത്തമാവട്ടെ. ●



# പുസ്തകോത്സവം ജനകീയപ്രതിരോധം



സാറാ ജോസഫ്
വിശിഷ്ടാംഗം
കേരള സാഹിത്യ അക്കാദമി

ഈയടുത്ത കാലത്ത് രാജ്യമൊട്ടാകെ ഉണ്ടായിട്ടുള്ള ഉണർവിന്റെ ഭാഗമായി അഭൂതപൂർവമായ വിധത്തിൽ അക്ഷരം, എഴുത്ത്, പുസ്തകം, വായന ഇവയുടെ ആഘോഷങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ, വിശേഷിച്ചും സാഹിത്യോത്സവങ്ങളുടെ ഒരു കാലമായി ഫെബ്രുവരി മാസം മാറിയിരിക്കുന്നു.

സാഹിത്യ അക്കാദമി, മാതൃഭൂമി, ഡീസി ബുക്സ് തുടങ്ങി വൻതോതിൽ സാഹിത്യോത്സവങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കൊപ്പം ഒരുപാട് പുസ്തകോത്സവങ്ങൾ വിവിധ പ്രസാധകർ സംഘടിപ്പിക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാമുള്ള വലിയ ജനത്തിരക്ക് പുസ്തകങ്ങളെ വായനക്കാരും സമൂഹവും എത്രത്തോളം വിലമതിക്കുന്നുണ്ട് എന്നതിന്റെ തെളിവാണ്.

പരമ്പരാഗതമായിത്തന്നെ അക്കാദമിയുടെ ദേശീയപുസ്തകോത്സവം വളരെയേറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ഷാർജ ബുക് ഫെസ്റ്റിവൽ, ജെയ്പൂർ ലിറ്റററി ഫെസ്റ്റിവൽ ഇവിടങ്ങളിലെല്ലാം മലയാളികളുടെ നിറസാന്നിധ്യം പുസ്തകത്തേയും എഴുത്തുകാരേയും എങ്ങനെയെല്ലാം മലയാളി ആദരിക്കുന്നുവെന്നതിന്റെ തെളിവാണ്. ഇത്തരം വേദികളിൽ ധാരാളം പുസ്തകങ്ങൾ വിറ്റുപോകുന്നു എന്നതുമാത്രമല്ല എഴുത്തുകാരും വായനക്കാരും മുഖാമുഖം കാണുന്നു, സംവദിക്കുന്നു, ആഘോഷിക്കുന്നു എന്നതും വളരെ പ്രധാനമാണ്. മറ്റേതൊരു ആഘോഷത്തേക്കാളുമുപരി ബൗദ്ധികവും സാംസ്കാരികവുമായ ഔന്നത്യം പുസ്തകോത്സവങ്ങൾക്കുണ്ട്. സംവാദങ്ങൾ വികസിക്കുന്ന ഇടമാണത്.

ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ, പുസ്തകങ്ങളേയും എഴുത്തുകാരേയും ചിന്തകരേയും സ്വതന്ത്ര ആവിഷ്കാരങ്ങളേയും വിലക്കുന്ന ഫാസിസ്റ്റ് നയങ്ങൾക്കെതിരായുള്ള വലിയ ഒരു ഉയിർത്തെഴുന്നേൽപായി, ജനകീയപ്രതിരോധമായി പുസ്തകോത്സവങ്ങളെ കാണാനാണ് എനിക്കിഷ്ടം. ●



# വായനശാലകൾ... പുസ്തകങ്ങൾ...!



ഡോ.ഖദീജ മുംതാസ്
വൈസ് പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

**കാ**ട്ടൂരെന്ന ഗ്രാമത്തിന്റെ ഇടവഴികളും അങ്ങാടിയും പാടവരമ്പുകളും ചിറയും ഉൽസവമേളം ഉയരുന്ന പൊഞ്ഞനത്തമ്പലവും ഇത്തിരിമാത്രം കാഴ്ചകളിലൂടെയും ഭാവനയിലൂടെയും അനുഭവിക്കാനായ ഒരു ബാല്യകാലം. വീടിന്റെ മുൻവരാന്തയിൽ നിന്നാൽ പാവം പിടിച്ച ഇരട്ടമുറിപ്പീടികക്കെട്ടിടത്തിന് മുകളിൽ ഞെരുങ്ങിക്കൂടുന്ന വായനശാലയുടെ പിന്നാമ്പുറക്കാഴ്ച കിട്ടും. പുസ്തകങ്ങൾക്ക് ശ്വാസംമുട്ടുമോ?

ഒഴിവുസമയവായനക്കും നാടകറിഹേഴ്സലിനും എത്തുന്ന ചേട്ടന്മാർക്ക് 'പുഴുക്കം' തോന്നുന്നതുകൊണ്ടായിരിക്കണം അവരിടക്കിടെ പിന്നാമ്പുറങ്ങളിലിറങ്ങിനിന്ന് 'വർത്താനം' പറഞ്ഞത്. അവർ ബീഡി പുകക്കുകയും സാഹിത്യം ചർച്ചചെയ്യുകയും ചെയ്യുന്നതിനിടെയായിരിക്കും തീരെ ചെറിയ കുട്ടികളായ ഞാനും കുഞ്ഞിത്തയും വർത്തമാനപത്രത്തിന്റെ അരികുകീറി ഉമ്മ എഴുതിത്തന്ന പുസ്തകലിസ്റ്റുമായി അവിടെയെത്തുക. മങ്ങിയ വെളിച്ചത്തിൽ പുസ്തകറാക്കിൽ ലൈബ്രേറിയൻ ചേട്ടൻ പുസ്തകങ്ങൾ തിരയുമ്പോൾ ആർത്തി തിളങ്ങുന്ന ഞങ്ങളുടെ ഇളംകണ്ണുകളും ഇഷ്ടപുസ്തകങ്ങൾ തേടി പുറംചട്ടയെഴുത്തുകളിലൂടെ സഞ്ചരിക്കും. ലിസ്റ്റിലുള്ളവയില്ലെങ്കിൽ ചേട്ടൻ സ്നേഹത്തോടെ തെരഞ്ഞെടുത്ത് തരുന്നവയെ അരുമയോടെ നെഞ്ചോടടുക്കി തുള്ളിച്ചാടി പിന്നെയൊരു മടക്കം.

വായനശാലയിൽനിന്ന് ഉച്ചത്തിൽ സംഭാഷണശകലങ്ങളും ഹാർമോണിയത്തിന്റെ ഈണങ്ങളും ഊർന്നിറങ്ങുന്നതും കേട്ടുകൊണ്ട് കോണി കയറിച്ചെന്ന ദിവസം നാടകറിഹേഴ്സലെന്ന കൗതുകത്തിന് സാക്ഷികളാവാനായി. വായപൊളിച്ചു നോക്കിനിൽക്കവേ കണ്ടാലറിയാവുന്ന അതിലൊരു ചേട്ടൻ വന്ന് സ്നേഹത്തോടെ ചോദിച്ചു: 'നാടകത്തിൽ

അഭിനയിക്കാൻ ഇഷ്ടാ? ഉമ്മാനോട് ചോദിക്കാംട്ടോ.'

വെറുതെ പറഞ്ഞതല്ലായിരുന്നു എന്നറിഞ്ഞത് അന്ന് വൈകീട്ടുതന്നെ അവരിൽ മൂന്നുപേർ വീട്ടിലെത്തിയപ്പോഴായിരുന്നു. എത്ര പറഞ്ഞിട്ടും ഉമ്മയുടെ മുഖം ഇരുണ്ടുതന്നെയിരുന്നതിനാൽ ഏട്ടന്മാർ നിരാശയോടെ മടങ്ങി. തീരെച്ചെറിയ എന്നെയല്ല, ഇത്തിരിക്കൂടി പൊലിമയുള്ള കുഞ്ഞിത്തയെയാണ് അവരുദ്ദേശിച്ചിരിക്കുക എന്നറിയാതെ അവരിറങ്ങിയ ഉടനെ നിലത്തുരുണ്ട് വാശിപിടിച്ച് കരഞ്ഞാർത്തു ഞാൻ. 'ഇനിക്ക് നാടകത്തീപ്പോണം...' ഉമ്മയുടെ ചുട്ട രണ്ടടിയിൽ ആ കരച്ചിൽ വനരോദനമായി ഒടുങ്ങുകയും ചെയ്തു. അമ്പതുകളുടെ അവസാനമോ അറുപതുകളുടെ ആദ്യമോ ഒക്കെയാണ് ആ വായനശാലാനുഭവങ്ങൾ.

കലയും സാഹിത്യവും ഞങ്ങളിൽ പലരുടേയും ഞരമ്പുകളിൽ ലഹരിയായി പടർത്തിയ താൽകാലിക നാടൻ വായനശാലകളിലൊന്നായിരുന്നു അത്. കാരൂരിനേയും എംടിയേയും വൈക്കം മുഹമ്മദ് ബഷീറിനേയും തകഴിയേയും അത് ഞങ്ങളെ പരിചയപ്പെടുത്തി.

കുട്ടിക്കാലത്തെ ആ വായനാസമ്പന്നത വലിയൊരു കാര്യമായൊന്നും അന്ന് കരുതിയിട്ടില്ല. സഹപാഠികളിൽ അധികം വായിക്കുന്നവരുണ്ടായിരുന്നോ എന്നും ഓർമയില്ല. അവരിലധികംപേരും ജീവിതാനുഭവങ്ങൾ ഉള്ളവരായിരുന്നു. ഏറെ ദൂരങ്ങൾ താണ്ടി സ്കൂളിലേക്ക് നടന്നുവരുന്നതിന്റെ യാത്രാനുഭവങ്ങളും പ്രകൃതിയനുഭവങ്ങളും ഉള്ളവരായിരുന്നു. അലക്കിയലക്കി പിന്നിപ്പോയ, ഏറെ വേദനയുണ്ടാക്കിക്കൊണ്ട് ഷർട്ടിന്റെ തോളിൽ തുന്നുവിട്ട് കീറലുമായെത്തിയ സുധാകരനായിരുന്നു പഠിപ്പിൽ എന്റെ എതിരാളി. ആ കീറൽകാഴ്ചയുണ്ടാക്കിയ വിങ്ങൽ അവനോടുള്ള എന്നിലെ മാത്സര്യബുദ്ധിയെ മായ്ച്ചുകളഞ്ഞതുമോർക്കുന്നു. ജീവിതാനുഭവങ്ങളും വായനാനുഭവങ്ങളും പരസ്പരപൂരകങ്ങളായിരുന്നിരിക്കണം ഞങ്ങൾ കൂട്ടുകാർക്കിടയിൽ.

ചില പുസ്തകങ്ങൾ ഞങ്ങൾക്ക് വായിക്കാൻ തരാതെ ഉമ്മ ഒളിപ്പിച്ചുവെക്കാറുണ്ടായിരുന്നു അന്ന്. പക്ഷേ, ഞങ്ങളായിരുന്നുവല്ലോ പുസ്തകങ്ങൾ കൊണ്ടുവന്നവർ. കിടക്കക്കടിയിൽനിന്നോ ചുമരലമാരിയുടെ ഏറ്റവും മുകളിലെ തട്ടിൽനിന്നും ഞങ്ങളവ വീണ്ടെടുത്ത് വായിച്ചേ അടങ്ങൂ. വലിയവരുടെ രഹസ്യങ്ങളിലേക്ക് ഒളിച്ചുകയറുന്നതിന്റെ ഒരു സുഖം ആ വായന തന്നു. തകഴിയുടെ പതിതപങ്കജം ഇങ്ങനെ വായിച്ചതാണ് എന്നാണ് ഓർമ. കുറച്ചുകൂടി മുതിർന്നപ്പോൾ വിലാസിനിയുടെ അവകാശികളും സി.രാധാകൃഷ്ണന്റെ നോവലുകളും ഞങ്ങളെ മഥിക്കാനെത്തി. അത്ഭുതപ്പെടുത്തുന്ന കാര്യം മാധവിക്കുട്ടിയെ വളരെ ചെറുപ്പകാലത്ത് ഒളിഞ്ഞോ തെളിഞ്ഞോ വായിക്കാനായില്ല എന്നതാണ്. ഉമ്മയുടെ സെൻസറിങ്ങിൽ മാധവിക്കുട്ടിയുടെ രചനകൾ എന്തുകൊണ്ടായിരിക്കാം ചിട്ടയോടെ പെട്ടുപോയത്?

പ്രീഡിഗ്രിക്കാരിയായ വായനക്കാരിക്ക് ലോകക്ലാസിക്കുകളുടെ മധുരം ഇത്തിരിയെങ്കിലും ഇറ്റിച്ചുതന്ന ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളജിലെ ലൈബ്രറി കഴിഞ്ഞാൽപിന്നെ നേരിട്ട് ഹൃദയബന്ധം സ്ഥാപിച്ചത് ചരിത്രമുറങ്ങുന്ന കോഴിക്കോട്ടെ കുതിരവട്ടം ദേശപോഷിണി ലൈബ്രറിയാണ്. പ്രാക്റ്റീസും അധ്യാപനവും ഉത്തരവാദിത്തങ്ങളും ഉണ്ടാക്കിയ തിരക്കിൽ കണ്ണിമുറിഞ്ഞുപോയെങ്കിലും വലിയൊരു സാംസ്കാരിക സാന്നിദ്ധ്യമായി, വേരുപിടിപ്പിച്ച ദേശത്തിന്റെ പശ്ചാത്തലത്തിൽ ദേശപോഷിണിയുണ്ട്. വായനശാലകൾ പിന്നെയുമേറെ കണ്ടു, പരിചയിച്ചു, അവയുടെ പ്രൗഢസദസ്സുകളിൽ ഒരാ

ളായി, അവയുടെ ദീർഘകാലചരിത്രമറിഞ്ഞ്. സ്കൂൾ ലൈബ്രറികളും, പെൺലൈബ്രറികളും അമ്മമാർക്കുള്ള മൊബൈൽ ലൈബ്രറി സംവിധാനങ്ങളും പിറവിയെടുക്കുന്നതിന് സാക്ഷിയായി. ഗ്രന്ഥശാലാപ്രസ്ഥാനവുമായി ആത്മബന്ധം സ്ഥാപിച്ചു. പുസ്തകങ്ങൾ നൽകുന്ന ലഹരിയുള്ളപ്പോൾ വേറെന്ത് ലഹരി വേണമെന്ന തിരിച്ചറിവായി.

എത്രയെത്ര പുസ്തകങ്ങൾ! എത്രയെത്ര പ്രസാധകർ! മലയാളി ഇതൊക്കെ വായിക്കുന്നുണ്ടോ? തീർച്ചയായും ഉണ്ടായിരിക്കണം. ഒരാളല്ലെങ്കിൽ മറ്റൊരാൾ. തികച്ചും വ്യത്യസ്തമായിരിക്കാം ഓരോരുത്തരുടേയും വായനാലോകങ്ങൾ, വായനാഭിമുഖ്യങ്ങൾ! അത്ഭുതകരമായ വായനാവൈവിധ്യങ്ങൾ!

എങ്കിലും, ഒരു ആശങ്ക എപ്പോഴും ബാക്കി. വായിക്കേണ്ടവർക്ക് യഥാർത്ഥവായനയുണ്ടോ? ക്രീം ഓഫ് ദി സൊസൈറ്റി എന്ന അർത്ഥം നഷ്ടപ്പെട്ട വാക്കിനാൽ വിശേഷിപ്പിക്കപ്പെടുന്നവർ? കരിയറിസ്റ്റുകളായ നമ്മുടെ യുവത? ഉണ്ടെന്ന് തറപ്പിച്ചുപറയുന്നു സൈബർലോകത്തും ജേതാക്കളായ എഴുത്തുകാർ. വായനയുടെ മാധ്യമം മാത്രമേ മാറിയിട്ടുള്ളൂ എന്നവർ. അവർ വായിക്കുന്നുണ്ട്, നിരൂപണം ചെയ്യുന്നുണ്ട്, പ്രതികരിക്കുന്നുണ്ട്.

ശരിയായിരിക്കാം. അവർ വിലക്കുകളില്ലാതെ എഴുതുന്നുണ്ടെന്നുറപ്പ്. അതിൽ അഭിരമിക്കുന്നുമുണ്ട്. തൂക്കക്കൂടുതൽ ഈ അഭിരമിക്കലിനല്ലേ? നിരൂപണക്കുറിപ്പുകളേയും ലൈക് ചെയ്ത് ലൈക് ചെയ്ത് എഴുതിയയാളെ ഉന്മത്തനാക്കി കവിയും കഥാകാരനുമൊക്കെ ആക്കിക്കളയും ഈ ലോകം. വാഴ്ത്തിപ്പാടലുകളിൽ മയങ്ങിപ്പോകാതിരിക്കാനും വേണം ആഴമാർന്ന വായന നൽകുന്ന തിരിച്ചറിവ്.

സൈബർലോകത്ത് കവിതകളെഴുതുന്ന, ആ ലോകത്ത് അംഗീകരിക്കപ്പെടുന്ന മധ്യവയസ്കയായ പ്രൊഫഷണലിനോട് സംസാരിക്കവേ അമ്പരന്നുപോയി. ആ രാഷ്ട്രീയപരമായ ശൈശവത്വം, അപകടകരമായ നിഷ്കളങ്കത! അതെ, പ്രായം തെറ്റിയ നിഷ്കളങ്കത പലപ്പോഴും അപകടകരവും അശ്ലീലവുമാവാം. പ്രതിഭാധനയായ നിങ്ങൾ കൂടുതൽ വായിക്കൂ, ചരിത്രത്തെ അറിയൂ, വർത്തമാനത്തെ വിലയിരുത്തുന്ന ആത്മബോധമുള്ളവളാകൂ എന്ന് വ്യംഗമായെങ്കിലും പറയേണ്ടി വന്നു. അപ്പോഴും പുസ്തകങ്ങളുടെ അനന്തസാധ്യത തിക്കിത്തിരക്കി മുന്നിലേക്ക് വന്നു. വ്യത്യസ്തസംസ്കാരങ്ങളെ പ്രതിഫലിപ്പിക്കുന്ന ജീവിതഗന്ധികളായ കഥകൾ, നോവലുകൾ, കവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ, ആത്മകഥകൾ, ഭൂതകാലത്തേയും സമകാലീനതയേയും ഇണക്കി വിശകലനംചെയ്യുന്ന പ്രൗഢലേഖനങ്ങൾ, അവ നൽകാവുന്ന തിരിച്ചറിവുകൾ, മാനസിക ഔന്നത്യം... ഇന്ന് അവയൊക്കെ പരിഗണിക്കപ്പെടുന്നുണ്ടോ?

നിന്നോടൊപ്പമിരിക്കുമ്പോൾ നീ വായിച്ച പുസ്തകങ്ങൾകൂടി എന്നിലേക്കെത്തുന്നു എന്ന് പറയുന്ന ഒരു സുഹൃത്തുണ്ടാകുന്നതിനേക്കാൾ വലിയ ധന്യത വേറെയെന്തുണ്ട്!

## ഡോക്യുമെന്ററി പ്രദർശനങ്ങൾ

**വൈലോപ്പിള്ളി ഹാൾ**

ഫെബ്രുവരി 6, 7 ഉച്ചതിരിഞ്ഞ് 2 മണി
**വൈലോപ്പിള്ളി ഒരു കാവ്യജീവിതം**
സംവിധാനം : പ്രിയനന്ദനൻ

ഫെബ്രുവരി 8, 9 ഉച്ചതിരിഞ്ഞ് 2 മണി
**അഴീക്കോട് മാഷ്**
സംവിധാനം : എം.ജി.ശശി

# വർണശബളമായ ഭാഷയിൽ തിന്മ സംസാരിക്കുന്നു എസ്.രാമകൃഷ്ണൻ

കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന ദേശീയപുസ്തകോത്സവത്തിനും അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിനും അർത്ഥസാന്ദ്രമായ തുടക്കം. പ്രശസ്ത തമിഴ് എഴുത്തുകാരൻ എസ്.രാമകൃഷ്ണൻ ദേശീയപുസ്തകോത്സവം ഉദ്ഘാടനംചെയ്തു. തിന്മ വർണശബളമായ ഭാഷയിൽ സംസാരിച്ച് സമൂഹത്തെ ആകർഷിക്കുകയാണെന്നും നന്മ പലരും ശ്രദ്ധിക്കുന്നില്ലെന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. നീതിക്കും നന്മക്കുംവേണ്ടി നിലകൊള്ളുകയാണ് സാഹിത്യത്തിന്റെ ധർമം. എളുപ്പം എഴുതാവുന്ന ഒന്നല്ല ജീവിതം. അതി സങ്കീർണമാണത്. നീതിയും ധാർമികതയും ഉയർത്തിപ്പിടിച്ചുകൊണ്ട് മാത്രമേ സാഹിത്യപ്രവർത്തനം സഫലമാവുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വീട്ടിൽ പുസ്തകങ്ങൾ വാങ്ങിവെച്ച് പാവങ്ങൾക്ക് കൊടുക്കുന്ന കുട നന്നാക്കുന്നയാളെ എനിക്കറിയാം. ആശുപത്രിയിൽ കിടക്കുമ്പോഴും അയാൾ പുസ്തകങ്ങൾ വിതരണംചെയ്തു. തനിക്ക് സംസാരിക്കാനാവില്ലെങ്കിലും പുസ്തകങ്ങൾ സംസാരിക്കുമെന്ന് അയാൾക്കറിയാം. എന്നാൽ, പതിനായിരങ്ങൾ സമ്പാദിക്കുന്നവർക്ക് പുസ്തകങ്ങൾ വേണ്ട. വലിയ ദർശനങ്ങൾ തങ്ങളുടെ ചെറിയ ജീവിതങ്ങളിലൂടെ പകരുന്ന മാതൃകാപരമായ ജീവിതങ്ങൾ ഏറെ ശ്രദ്ധേയമാണ്.

സർക്കാരുകൾപോലും നീതിക്കുവേണ്ടി കോടതിയിൽ പോവുന്ന കാലമാണിത്. 56 കോടി കേസുകളാണത്രേ കോടതിയിൽ കെട്ടിക്കിടക്കുന്നത്. സത്യം പറയുന്ന കുട്ടികൾക്ക് വീട്ടിൽനിന്നുപോലും നീതി ലഭിക്കില്ലെന്ന് നമുക്കറിയാം. മലയാളത്തിൽനിന്ന് ഒരുപാട് പാഠങ്ങൾ താൻ പഠിച്ചിട്ടുണ്ടെന്നും ബഷീർ, തകഴി, ആനന്ദ്, കേശവദേവ്, പൊറ്റെക്കാട്, എംടി തുടങ്ങി നിരവധി പ്രഗത്ഭരായ എഴുത്തുകാർ മലയാളത്തിന്റെ സമ്പത്താണെന്നും അദ്ദേഹം പറഞ്ഞു.

അക്കാദമി പ്രസിഡന്റ് വൈശാഖൻ അധ്യക്ഷത വഹിച്ചു. എഴുത്തരങ്ങ് സാംസ്കാരികോത്സവം സംഗീത നാടക അക്കാദമി സെക്രട്ടറി എൻ.രാധാകൃഷ്ണൻനായർ ഉദ്ഘാടനംചെയ്തു. അക്ഷരപ്പെരുമ വാർത്താപത്രിക ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ ഡോ.പി.വി.കൃഷ്ണൻനായർക്ക് നൽകി പ്രകാശനം ചെയ്തു. കേന്ദ്ര സാഹിത്യ അക്കാദമി അംഗം ബാലചന്ദ്രൻ വടക്കേടത്ത്, കേരള കലാമണ്ഡലം ഭരണസമിതിയംഗം ടി.കെ.വാസു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ വി.ആർ.സന്തോഷ് എന്നിവരും സംസാരിച്ചു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

വിജയരാജമല്ലിക എഴുതിയ മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെന്റർ കവിതാസമാഹാരം 'ദൈവത്തിന്റെ മകൾ' ദീപാനിശാന്തിന് നൽകി വൈശാഖൻ പ്രകാശനംചെയ്തു. സർഗസ്വരം പ്രസിദ്ധീകരിച്ച ഗംഗാധരൻ ചെങ്ങാലൂരിന്റെ നോവൽ 'ശംബൂകൻ' ചിത്രൻ നമ്പൂതിരിപ്പാട് പ്രകാശനംചെയ്തു. ●




# ഭരണഘടന സംരക്ഷിക്കാൻ ജനങ്ങൾക്ക് മാത്രമേ കഴിയൂ
# ജസ്റ്റിസ് വി.കെ.മോഹനൻ

**ജ**നങ്ങൾ നൈതികജാഗ്രതയോടെ മുന്നിട്ടിറങ്ങിയാൽ മാത്രമേ ഭരണഘടനയെ സംരക്ഷിക്കുവാൻ കഴിയുകയുള്ളൂവെന്ന് ജസ്റ്റിസ് വി.കെ.മോഹനൻ അഭിപ്രായപ്പെട്ടു. എല്ലാ ജനങ്ങൾക്കും തുല്യനീതി ഉറപ്പുനൽകുന്ന ഇന്ത്യൻ ഭരണഘടനയെ ദുർബലപ്പെടുത്താനും അട്ടിമറിക്കാനുമുള്ള വിവിധ തലങ്ങളിൽ നിന്നുള്ള നീക്കങ്ങൾക്ക് തടയിടാൻ ജനങ്ങൾക്ക് മാത്രമേ കഴിയൂ. ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ ഭരണഘടനാസംരക്ഷണസദസ്സ് ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.നീതിന്യായസംവിധാനം ദുർബലപ്പെടുന്നതോടെ ജനാധിപത്യംതന്നെ അപകടത്തിലാവുന്നു. രാഷ്ട്രത്തിന്റെ ഭദ്രതയും ജനങ്ങളുടെ ആത്മവിശ്വാസവും സംരക്ഷിക്കുന്നതിന് ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ടെന്നും മോഹനൻ പറഞ്ഞു.

കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ അധ്യക്ഷത വഹിച്ചു. ജീവിതാവസ്ഥയുടെ ആഖ്യാനമായ എഴുത്തിനെക്കൂടി ബാധിക്കുന്നതാണ് ഭരണഘടനാമൂല്യങ്ങൾക്കെതിരെ ഈയിടെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രതിലോമപരമായ നീക്കങ്ങളെന്ന് അദ്ദേഹം പറഞ്ഞു. അഡ്വ.ശിവൻ മഠത്തിൽ, അഡ്വ.പി.എം.ആതിര, അഡ്വ.വി.എൻ.ഹരിദാസ്, സാഹിത്യ അക്കാദമിയംഗം ടി.പി.വേണുഗോപാലൻ, എൻ.വി.വൈശാഖൻ എന്നിവരും സംസാരിച്ചു.

വൈകീട്ട് നടന്ന ജി.ശങ്കരക്കുറുപ്പ് അനുസ്മരണത്തിൽ ഡോ.പി.വി.പ്രകാശ്ബാബു പ്രഭാഷണം നടത്തി. ഭാരതീയമായ ദാർശനികഗരിമയിലേക്ക് മലയാളകവിതയെ ഉയർത്തിയ പ്രതിഭാശാലിയാണ് ജി.ശങ്കരക്കുറുപ്പ്. പാരമ്പര്യത്തെ നവീകരിക്കുകയും കവിതയെ ആധുനികതയിലേക്ക് സംക്രമിപ്പിക്കുകയും ചെയ്ത ജി ഒരു പുതുയുഗസൃഷ്ടാവായി മലയാളത്തിൽ ഓർമിക്കപ്പെടും. ജിയുടെ കവിത പ്രാപഞ്ചികമായ ലാവണ്യാനുഭവങ്ങളെ തേടിപ്പോവുകയും അനുഭൂതിസാന്ദ്രതയോടെ ആവിഷ്കരിക്കുകയും ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു. ശിവരാമൻ ചെറിയനാട് അധ്യക്ഷത വഹിച്ചു.

തുടർന്ന് യാസിർ കുരിക്കളും സംഘവും അവതരിപ്പിച്ച കോൽക്കളിയും വട്ടപ്പാട്ടും (മുട്ടിപ്പാട്ട്) അരങ്ങേറി. ●



# സിനിമ ആന്തരികപരിവർത്തനത്തിനുള്ള ശക്തമായ മാധ്യമം

## ജോൺപോൾ

വ്യക്തികളുടേയും സമൂഹത്തിന്റേയും ആന്തരികപരിവർത്തനത്തിന് ഏറ്റവും ശക്തമായി ഉപകരിക്കുന്ന കലാമാധ്യമം സിനിമയാണെന്ന് ജോൺപോൾ പറഞ്ഞു. ഏറ്റവും മൂർച്ചയോടെ ജീവിതത്തെ വിചാരണ ചെയ്യാൻ സിനിമക്ക് കഴിയും. വിഗ്രഹഭഞ്ജനം നടത്താനും പ്രതിഷ്ഠാകർമം നടത്താനും സിനിമക്കുള്ള കഴിവ് മറ്റൊരു മാധ്യമങ്ങൾക്കുമില്ല. ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായി നടന്ന 'സിനിമയും സംസ്കാരവും' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തീർച്ചയായും സംവിധായകന്റെ കലയാണ് സിനിമ. സ്ഥലകാലബോധ്യത്തോടെ സർഗാത്മകമായ രീതിയിൽ ആശയത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സംവിധായകന് കഴിയുമ്പോഴാണ് മികച്ച സിനിമയുണ്ടാവുന്നത്. സംസ്കാരമെന്നത് മതവും രാഷ്ട്രീയശാഠ്യവുമല്ല, മാനവികതയാണ്. ജൈവസ്പന്ദനങ്ങളാണ് സംസ്കാരത്തിന്റെ അടിസ്ഥാനധാര.

അശാന്തനോട് മാത്രമല്ല, വൈലോപ്പിള്ളിയോടും കലാമണ്ഡലം ഹൈദരലിയോടും നമുക്ക് നീതി പുലർത്താനായിട്ടില്ല. അസഹിഷ്ണുതയാണ് ഇവിടെയെല്ലാം മേൽക്കൈ നേടിയതെന്നും ജോൺപോൾ പറഞ്ഞു.

ഫ്യൂഡൽ കാഴ്ചപ്പാടുകളാണ് മലയാളസിനിമാമേഖലയെ ഇപ്പോഴും നിയന്ത്രിക്കുന്നതെന്ന് വിധു വിൻസെന്റ് പറഞ്ഞു. റിയൽ എസ്റ്റേറ്റ് ബിസിനസിനോട് അടുത്തുനിൽക്കുന്ന വൻ ഇടപാടുകളാണ് സിനിമയുടെ ഭാഗമായും അതിന്റെ മറവിലും നടക്കുന്നത്. ജനാധിപത്യപരമായ തൊഴിലന്തരീക്ഷം സിനിമാമേഖലയിലില്ല. ഭരണകൂടവും സമൂഹവും ജാഗ്രതയോടെയുള്ള ഇടപെടലുകൾ നടത്തിയാൽ മാത്രമേ ഈ ദുരവസ്ഥ മാറ്റാനാവൂ എന്നും അവർ പറഞ്ഞു.

പ്രിയനന്ദനൻ അധ്യക്ഷനായി. ചരിത്രത്തേയും കാലത്തേയും വളച്ചൊടിക്കുന്ന സിനിമകൾ സമൂഹത്തോട് വലിയ അപരാധമാണ് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. സംവിധായകൻ പ്രേംലാൽ, കോർപറേഷൻ കൗൺസിലർ അനൂപ് കരിപ്പാൽ, ടി.ആർ. അനിൽകുമാർ എന്നിവരും സംസാരിച്ചു.

വൈറ്റ്‌ലാന അലക്സിവിച്ച് എഴുതി എബ്രഹാം പരിഭാഷപ്പെടുത്തിയ 'ചെർണോബിൽ പ്രാർത്ഥന' പ്രൊഫ.കുസുമം ജോസഫിന് നൽകി കെ.വേണു പ്രകാശനം ചെയ്തു. കസാൻദ്സാക്കിസ് രചിച്ച 'ദൈവത്തിന്റെ നിസ്വൻ-അസീസിയിലെ ഫ്രാൻസിസ് പുണ്യാളൻ' എന്ന നോവൽ മിനി ആലീസിന് നൽകി കെ.അരവിന്ദാക്ഷൻ പ്രകാശനം ചെയ്തു. ഡോ.പി.വി.കൃഷ്ണൻനായർ അധ്യക്ഷനായി. ●




# ഇന്ത്യൻ ജനാധിപത്യത്തിന് അടിത്തറയാവുന്നത് ഭക്തിപ്രസ്ഥാനം : ബാലചന്ദ്രൻ ചുള്ളിക്കാട്

ജാതിക്കും മതത്തിനും ആചാരവൈവിധ്യങ്ങൾക്കും അതീതമായി മനുഷ്യനെ ഒന്നായി കണ്ട ഭക്തിപ്രസ്ഥാനത്തിന്റെ ആശയങ്ങളാണ് പരിമിതികളുണ്ടെങ്കിലും ഇന്ത്യൻ ജനാധിപത്യത്തെ ഇന്നും നിലനിലർത്തുന്നതെന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് പറഞ്ഞു. രാമനും റഹിമും ഒന്നാണെന്ന് പറഞ്ഞത് ഭക്തിപ്രസ്ഥാനത്തിലെ ആചാര്യന്മാരിൽ പ്രമുഖനായ കബീറാണ്. തുല്യനീതിയുടേയും ജനാധിപത്യത്തിന്റേയും അടിസ്ഥാനമായി നിലകൊള്ളുന്ന ഭക്തിപ്രസ്ഥാനത്തിലെ ആശയങ്ങളെ തകർക്കാനുള്ള ശ്രമങ്ങളാണ് ഇന്നത്തെ ഭരണാധികാരികൾ സ്വീകരിക്കുന്നത്. ഇതിനെതിരെ തികഞ്ഞ ജാഗ്രതയില്ലെങ്കിൽ ജനാധിപത്യം അപകടത്തിലാവുമെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ 'കബീർ : ഭക്തിയും വിഭക്തിയും പൗരോഹിത്യവും' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യമനസ്സുകളെ അകറ്റുകയും ഭിന്നിപ്പിക്കുകയുമാണ് ഭരണാധികാരികൾ എപ്പോഴും ചെയ്യുന്നത്. മതത്തിന്റേയും ജാതിയുടേയും ആചാരത്തിന്റേയും പേരിൽ വിദ്വേഷം അടിച്ചേൽപിക്കുന്നത് ജനങ്ങളെ ഭിന്നിപ്പിക്കാൻവേണ്ടി മാത്രമാണ്. മതത്തോടോ ദൈവത്തോടോ ഉള്ള സ്നേഹം കൊണ്ടൊന്നുമല്ല. ഇന്നിപ്പോൾ കോർപറേറ്റുകളുടെ ചൂഷണം എളുപ്പമാക്കുന്നതിനുവേണ്ടിയാണ് ഭരണക്കാർ ജനങ്ങളെ ഭിന്നിപ്പിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുള്ള അതിപ്രധാനമായ വാക്കാണ് തുല്യനീതിയെന്നത്. അതുള്ളപ്പോൾ സോഷ്യലിസം, മതേതരത്വം എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ട ആവശ്യമേയില്ല. തുല്യനീതിയില്ലാതെ സോഷ്യലിസമോ മതേതരത്വമോ ഉണ്ടാവില്ല എന്ന് വ്യക്തമാണ്. നമ്മുടെ ഭരണഘടനക്കുതന്നെ അടിസ്ഥാനമായത് ഭക്തിപ്രസ്ഥാനം മുതൽ ചട്ടമ്പിസ്വാമികൾ വരെയുള്ളവരുടെ മനുഷ്യനെ തുല്യമായി കാണുന്ന മാനവികദർശനമാണെന്നും അദ്ദേഹം പറഞ്ഞു.

സാഹിത്യ അക്കാദമി നിർവാഹകസമിതിയംഗം ഇ.പി.രാജഗോപാലൻ അധ്യക്ഷനായി. ആലങ്കോട് ലീലാകൃഷ്ണൻ, പി.ബാലചന്ദ്രൻ, വി.ജി.ഗോപാലകൃഷ്ണൻ, സോബിൻ മഴവീട്, വി.എൻ.അശോകൻ, അനിൽ മാരാത്ത് എന്നിവർ സംസാരിച്ചു.

കെ.എസ്.ശ്രുതി എഡിറ്റുചെയ്ത 'ഓൺ എയർ' പൗർണമി ശൈലേഷിന് നൽകി ടി.ടി.പ്രഭാകരൻ പ്രകാശനംചെയ്തു. ●

# മുട്ടത്തോടിലെ ചിത്രവിസ്മയം



**മു**ട്ടത്തോടിനുള്ളിൽ പുതുവിസ്മയലോകം സൃഷ്ടിക്കുകയാണ് വടക്കാഞ്ചേരി സ്വദേശി സൂരജ്. അക്കാദമി ഓഡിറ്റോറിയത്തിൽ നട ക്കുന്ന മുട്ടത്തോടിലെ ചിത്രങ്ങൾ ആസ്വദി ക്കാൻ കാണികൾ ഏറെ. മുട്ടക്കുള്ളിൽ 2.5 മില്ലീമീറ്റർ ദ്വാരമുണ്ടാക്കി സിറിഞ്ച് ഉപയോ ഗിച്ച് മാംസഭാഗം എടുത്തുകളഞ്ഞ് ഒരു മില്ലീ മീറ്റർ വരുന്ന ഈർക്കിൽ ബ്രഷുകൊണ്ട് ആക്രിലിക് പെയ്ന്റ് ഉപയോഗിച്ച് കുത്തുക ളിട്ട് സൂക്ഷ്മതയോടെയാണ് ചിത്രങ്ങൾ വര ച്ചിരിക്കുന്നത്. ദ്വാരത്തിനുള്ളിലേക്ക് നോക്കു മ്പോൾ കാഴ്ചയുടെ മറ്റൊരു വസന്തം പക രുകയാണ് ഈ ചിത്രങ്ങൾ. സുഭാഷ് ചന്ദ്ര ബോസ്, ഗാന്ധി, നെഹ്റു, ലെനിൻ, ചെഗു വേര, മദർ തെരേസ, ചാപ്ലിൻ തുടങ്ങിയവർ ചിത്രങ്ങൾക്ക് വിഷയമാവുന്നു. ●

# മത്സരവിജയികൾ

**ലളിതഗാനം – ഹൈസ്കൂൾ** : 1. ദേവിക സുരേഷ്ബാബു, എച്ച്.എസ്.എസ്.പനങ്ങാട്. 2. ഏയ്ഞ്ചൽ മരിയ തോമസ്, എസ്.എച്ച്.സി.ജി.എച്ച്.എസ്.എസ്., തൃശൂർ. 3. അശ്വതി എസ്. നായർ, സെന്റ് തെരേസാസ് എച്ച്.എസ്., ഷൊർണൂർ. **ലളിതഗാനം – കോളേജ്** : 1. ദീപ്തി പി.വി., പ്രജ്യോതി നികേതൻ, പുതുക്കാട്. 2. ചാന്ദ്നി പ്രദീപ്, സെന്റ് അലോഷ്യസ്, എൽതുരുത്ത്. 3. പൗർണമി കെ.പി., കോ-ഓപ്പറേറ്റീവ്, തൃശൂർ.

**കവിതാലാപനം – ഹൈസ്കൂൾ** : 1. സൂര്യ കെ.രാഗേഷ്, എസ്.എച്ച്.എം.സി.ജി.എച്ച്.എസ്., കണ്ടശാംകടവ്. 2. സ്വര ശ്രീകുമാർ, സെന്റ് തേരേസ് എച്ച്.എസ്.എസ്., ഷൊർണൂർ. 3. നിരഞ്ജന പത്മനാഭൻ, ജി.എച്ച്.എസ്.എസ്., ചാലിശേരി. **കവിതാലാപനം – കോളേജ്** : 1. സ്മൃതി വേണുഗോപാൽ, ഗവ.ലോ കോളേജ്, തിരുവവന്തപുരം. 2. ലിസ്മ മോഹൻ പി., ഐ.പി.ടി. & ജി.പി.ടി.കോളേജ്, ഷൊർണൂർ. 3. കൃഷ്ണപ്രിയ വേണു, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ.

**ചിത്രരചന – എൽ.പി.വിഭാഗം** : 1. ദിയാലക്ഷ്മി ഐ.എച്ച്., കേന്ദ്രീയ വിദ്യാലയ, പുറനാട്ടുകര. 2. ശ്രേയ അനിൽ, ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി. 3. ചിന്മയ് കെ., ബി.വി.ബി.വി.എം., ഇരിങ്ങാലക്കുട. **ചിത്രരചന – യു.പി.വിഭാഗം** : 1. ശ്രാവൺ കൃഷ്ണ, കേന്ദ്രീയ വിദ്യാലയ, പുറനാട്ടുകര. 2. ആലിയ ബാബു, ഐ.ഇ.എസ്.പബ്ലിക് സ്കൂൾ, തൃശൂർ. 3. മാധവ് കൃഷ്ണ റ്റി., സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്., പാവർട്ടി. **ചിത്രരചന – ഹൈസ്കൂൾ** : 1. അരുൺ കെ.യു., എച്ച്.എസ്.അന്തിക്കാട്. 2. ലക്ഷ്മീദേവി കെ., പാറമേക്കാവ് വിദ്യാമന്ദിർ, പൂങ്കുന്നം. 3. നേഹ ആർ.നായർ, ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി. **ചിത്രരചന – ഹയർ സെക്കന്ററി** : 1. ശിവാംഖി കൃഷ്ണ, ഹരിശ്രീ വിദ്യാനിധി, പൂങ്കുന്നം. 2. ആര്യ പ്രകാശ്, ബി.വി.ബി.എം., പൂച്ചട്ടി.




**കലാസാഹിത്യമത്സരങ്ങളുടെ ഉദ്ഘാടനം കെ.വി.രാമകൃഷ്ണൻ നിർവഹിക്കുന്നു.**

# സാംസ്കാരികപ്രദർശനങ്ങൾ

ദേശീയപുസ്തകോത്സവവേദിയിൽ നടക്കുന്ന പ്രദർശനങ്ങൾ ജനശ്രദ്ധയാകർഷിക്കുന്നു. അക്കാദമിയുടെ കഴിഞ്ഞ ഒന്നര വർഷങ്ങളായുള്ള പ്രവർത്തനങ്ങളെ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി പ്രദർശിപ്പിച്ച ഡോക്യുമെന്ററി ഇതിൽ പ്രാധാന്യമർഹിക്കുന്നു. അക്കാദമിയുടെ ഓരോ വിഭാഗങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങളെ വിശദമായി ഇതിൽ പ്രതിപാദിക്കുന്നു.

അര മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയിൽ സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ, സെക്രട്ടറി കെ.പി.മോഹനൻ എന്നിവർ അക്കാദമിയെക്കുറിച്ചും നാളിതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. പുതിയ ഭരണസമിതി വന്നതിനുശേഷമുള്ള പ്രവർത്തനങ്ങളും നടപ്പാക്കിയ പദ്ധതികളും വിശദീകരിക്കുന്നതിനോടൊപ്പം ആനുകാലികരംഗത്തുണ്ടായ മാറ്റങ്ങളും ഡോക്യുമെന്ററിയിൽ എടുത്തുകാണിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രത്യേക ഗ്രാന്റ് ഉപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്നതും നടത്തിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ജനങ്ങളിലേക്ക് ഇതിലൂടെ കൈമാറ്റംചെയ്യുന്നു.

ആറ് സമർപ്പിതദശകങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. നവകേരളസമിതി സാധ്യമാക്കുന്നതിൽ അക്കാദമി വഹിച്ച പങ്കിനോടൊപ്പം യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പാക്കിയ സാഹിത്യക്യാമ്പുകൾ, മത്സ്യത്തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്ക് സംഘടിപ്പിച്ച സാഹിത്യക്യാമ്പുകൾ തുടങ്ങിയവ ഇതിൽ ശ്രദ്ധേയമാണ്.

അറുപതുവർഷത്തെ അക്കാദമി ചരിത്രവും ഒന്നരവർഷത്തെ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഡോക്യുമെന്ററി കെ.രാജേന്ദ്രൻ സംവിധാനംചെയ്തു. പി.സലിംരാജ് തിരക്കഥയെഴുതി. എം.വി.ജോസ് ശബ്ദം നൽകി. ചേതന മീഡിയ എഡിറ്റുചെയ്ത് ഇതിനെ പൂർണതയിലെത്തിച്ചു.

പ്രദർശനങ്ങളിൽ മറ്റൊന്ന് പ്രമുഖ എഴുത്തുകാരുടെ ഛായാചിത്രങ്ങളാണ്. സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയവരും മലയാളത്തിലെ ഉന്നത എഴുത്തുകാരുമടങ്ങുന്നവരുടെ ഛായാചിത്രങ്ങൾകൊണ്ട് പ്രദർശനം വേറിട്ടുനിന്നു. പതിനാല് നൊബേൽ സമ്മാനർഹരുടേതടക്കം അമ്പത്തിയഞ്ചോളം ചിത്രങ്ങളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. ●










Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Press, Thrissur | Design : Roy Akkara